Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2021/1515-6 (5) തീയതി : 21.06.2021

## സർക്കുലർ

വിഷയം:- കൈറ്റ് - ഫസ്റ്റ് ബെൽ 2.0 വീക്ഷിക്കുന്നതിന് സൗകര്യങ്ങളില്ലാത്ത കുട്ടികൾക്ക് ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് തുടങ്ങിയ പദ്ധതികളുടെ ഭാഗമായി സ്കൂളുകളിൽ വിന്യസിച്ച ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്

സൂചന :- 1. ഈ ഓഫീസിലെ 02.06.2020 ലെ KITE/2020/1515-6(2) നമ്പർ സർക്കുലർ

2. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 04.06.2021 ലെ KITE/2021/1515-6 (3) നമ്പർ നോട്ട് ഓർഡർ.

കോവിഡ് 19 പ്രതിസന്ധികൾ കാരണം സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ കഴിയാത്തതിനാൽ 2020 ജൂൺ 1 മുതൽ നടപ്പിലാക്കിയ ഫസ്റ്റ്ബെൽ ക്ലാസുകൾ കാണുന്നതിന് സൗകര്യങ്ങളില്ലാത്ത കുട്ടികൾക്ക് ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് തുടങ്ങിയ പദ്ധതികളുടെ ഭാഗമായി സ്കൂളുകളിൽ വിന്യസിച്ച ഐ.ടി ഉപകരണങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നതിന് സൂചന 1 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്രസ്തുത പ്രതിസന്ധി 2021 ജൂണിലും നിലനിൽക്കുന്നതിനാൽ സൂചന പ്രകാരം കഴിഞ്ഞ വർഷം അനുവദിച്ച സേവനങ്ങൾ ഈ വർഷവും പ്രയോജനപ്പെടുത്താവുന്നതാണ്. (സൂചന 1 പ്രകാരമുള്ള സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

1. ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
2. കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
ഡയറക്ടർ, എസ്.എസ്.കെ.
ഡയറക്ടർ, എസ്.ഐ.ഇ.ടി.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ആർ.ഡി.ഡി./എ.ഡി./ജില്ലാ വിദ്യാഭ്യാസഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ

No. KITE/2020/1515-6 (2) തീയതി : 02.06.2020

## സർക്കുലർ

വിഷയം:- **കൈറ്റ് - സ്കൂൾ കുട്ടികൾക്ക് സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ക്കൊണ്ടുള്ള പ്രത്യേക ക്ലാസുകൾ (ഫസ്റ്റ് ബെൽ) ടി.വി. ഇന്റർനെറ്റ് സൗകര്യങ്ങളില്ലാത്ത വിദ്യാർത്ഥികൾക്ക് കാണുന്നതിനായി ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി വിന്യസിച്ച ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച്**

സൂചന : - 1. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.
2. സ. ഉ(സാധാ) നം. 2177/2019/പൊ.വി.വ തീയതി 06.06.2019
3. ഈ ഓഫീസിലെ 07.05.2020 ലെ KITE/2020/1515-6 (1) സർക്കുലർ.
4. സ. ഉ(സാധാ) നം. 1756/2020/പൊ.വി.വ തീയതി 29.05.2020.
5. ഡി.ജി.ഇ.യുടെ 30.05.2020 ലെ ക്യു.ഐ.പി.(1)/9141/2020/ഡി.ജി.ഇ സർക്കുലർ.

ജൂൺ 1 മുതൽ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ ഒന്നു മുതൽ പത്തുവരെയും പന്ത്രണ്ടാം ക്ലാസിലേയും ക്ലാസുകൾ കാണുന്നതിന് കുട്ടികൾക്ക് വീട്ടിലോ സമീപത്തോ ടെലിവിഷൻ കണക്ഷനോ ഇന്റർനെറ്റോ ആവശ്യമുണ്ട്. എന്നാൽ ഇത്തരം സംവിധാനങ്ങൾ ലഭ്യമല്ലാത്ത കുട്ടികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തി, ഒരു കുട്ടിയ്ക്കും ക്ലാസുകൾ കാണാൻ അവസരം ഇല്ലാതാകുന്ന സാഹചര്യം പൂർണമായും ഒഴവാക്കേണ്ടതാണെന്ന് സൂചന 4 ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സൂചന 5 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറത്തിറക്കിയിട്ടുണ്ട്.

ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി നമ്മുടെ സ്കൂളുകളിൽ 1.2 ലക്ഷം ലാപ്ടോപ്പുകളും 70,000 പ്രൊജക്ടറുകളും 4545 ടെലിവിഷനുകളും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഉപകരണങ്ങൾ വിന്യസിക്കുന്നതുമായി ബന്ധപ്പെട്ട സെക്കന്ററി-ഹയർ സെക്കന്ററി സ്കൂളുകളുമായി സൂചന 1 പ്രകാരവും പ്രൈമറി-അപ്പർ പ്രൈമറി സ്കൂളുകളുമായി സൂചന 2 പ്രകാരവും കൈറ്റ് പ്രത്യേക ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഈ ധാരണാപത്രങ്ങളിൽ കൈറ്റ് ആവശ്യപ്പെടുന്നതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് സ്കൂളുകൾ ഉപകരണങ്ങൾ ലഭ്യമാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. വീട്ടിലും സമീപത്തും ക്ലാസുകൾ വീക്ഷിക്കുന്നതിന് അവസരമില്ലാത്ത കുട്ടികൾക്ക് (ടി.വി കണക്ഷനും ഇന്റർനെറ്റും ഇല്ലാത്ത) സൂചന 4, 5 ഉത്തരവ്/സർക്കുലർ പ്രകാരം നിർദേശിച്ച ബദൽ സംവിധാനങ്ങളിലൂടെ സൗകര്യം ഒരുക്കാനായി ഉപകരണങ്ങൾ പര്യാപ്തമാവാത്ത സാഹചര്യമുണ്ടെങ്കിൽ ഇതിനായി സ്കൂളുകളിൽ ഹൈടെക് സ്കൂൾ-ഹൈടെക് ലാബ് പദ്ധതികളുടെ ഭാഗമായി കൈറ്റ് ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങൾ ഉപയോഗിക്കാവുന്നതാണ്.

2. ഏത് പ്രദേശത്തേക്ക് ഏത് ഉപകരണമാണ് ആവശ്യമുള്ളത് എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടെ സഹായത്തോടെ പ്രഥമാധ്യാപകർ കണ്ടെത്തേണ്ടതും ഇതിനായി ചുമതലപ്പെടുത്തിയവർക്ക് ആവശ്യമായ ഉപകരണങ്ങൾ താൽക്കാലിക ഉപയോഗത്തിനായി നൽകേണ്ടതുമാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള സ്കൂളുകളുടെ പട്ടികയും അവിടെ ലഭ്യമായിട്ടുള്ള ഉപകരണങ്ങളുടെ ലിസ്റ്റും **www.sametham.kite.kerala.gov.in** ൽ **'HiTech Schools'** എന്ന ലിങ്കുവഴി ലഭിക്കുന്നതാണ്. ഇതിനനുസരിച്ചുള്ള ആസൂത്രണം ആവശ്യകത അനുസരിച്ച് സ്കൂൾ തിരിച്ചോ, തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചോ നടത്താവുന്നതാണ്.

4. വാർഡ്/ഡിവിഷൻ തലത്തിൽ ചുമതലപ്പെടുത്തുന്ന അധ്യാപകർക്കോ അല്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കോ ആവശ്യകത ഉറപ്പാക്കി ഉപകരണങ്ങൾ രസീത് വാങ്ങി നൽകാവുന്നതാണ്. ഉപകരണങ്ങളുടെ കൃത്യമായ പരിരക്ഷ ഉറപ്പുവരുത്തിയും ഉപയോഗശേഷം തിരിച്ചേൽപ്പിക്കുന്ന വിധത്തിലുമാണ് കൈമാറേണ്ടത്.

5. നാലുവരെ കുട്ടികൾക്ക് ഒരേ സമയം കാണാൻ ഒരു ലാപ്ടോപ്പ് ഉപയോഗിക്കാം. കൂടുതൽ കുട്ടികളുണ്ടെങ്കിൽ ഒന്നിലധികം ലാപ്ടോപ്പുകളോ ലാപ്ടോപ്പും പ്രൊജക്ടറും കൂടിയോ കേബിൾ/ഡി.ടി.എച്ച്. സൗകര്യം ഉണ്ടെങ്കിൽ ടി.വി. വഴിയോ കാണിക്കാം. ക്ലാസ് മുറികളിൽ മൗണ്ട് ചെയ്തിട്ടുള്ള പ്രൊജക്ടറുകൾ ഈ ആവശ്യത്തിന് ഒഴിവാക്കേണ്ടതാണ്. എന്നാൽ അത്യാവശ്യം ഉപയോഗിക്കേണ്ട സാഹചര്യമുണ്ടെങ്കിൽ കൈറ്റ് ജില്ലാ ഓഫീസിന്റെ അനുമതി വാങ്ങേണ്ടതാണ്.

6. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഇത് സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരായിരിക്കണം. ഇതിന് ആവശ്യമെങ്കിൽ സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ/കൈറ്റ് മാസ്റ്റർ/ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ സേവനം പ്രയോജനപ്പെടുത്താം.

7. സ്കൂളിലെ ബ്രോഡ്ബാൻഡ് സംവിധാനം ഉപയോഗിച്ച് നേരത്തേ **youtube.com/itsvicters** ൽ നിന്നും ഡൗൺലോഡ് ചെയ്ത ക്ലാസുകളുടെ വീഡിയോ ഉൾപ്പെടുത്തിയ ലാപ്ടോപ്പുകളാണ് നൽകേണ്ടത്. ഇത് ഇടവിട്ട ദിവസങ്ങളിൽ ആവർത്തിക്കാവുന്നതാണ്.

8. ഐ.ടി. ഉപകരണങ്ങൾക്ക് സ്കൂളിനു പുറത്ത് ഇൻഷുറൻസ് പരിരക്ഷ ലഭിക്കാത്തതിനാലും ഫിസിക്കൽ ഡാമേജ് വാറണ്ടിയുടെ പരിധിയിൽ വരാത്തതിനാലും വളരെ ശ്രദ്ധാപൂർവം ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും സൂക്ഷിക്കാനും സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ട താണ്. സൂചന 3 ലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഉപയോഗിക്കുന്ന സ്ഥലത്തിന് മതിയായ സുരക്ഷ ഇല്ലെങ്കിൽ അടുത്തുള്ള സുരക്ഷിതമായ കേന്ദ്രത്തിലോ അല്ലെങ്കിൽ സ്കൂളിൽ തന്നെയോ ആവണം ഉപകരണങ്ങൾ (പ്രത്യേകിച്ചും രാത്രിയിൽ) എല്ലാ ദിവസവും സൂക്ഷിക്കേണ്ടത്.

9. ഫസ്റ്റ് ബെൽ പഠന പ്രവർത്തനങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപകരണങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല.

10. ഇതുമായി ബന്ധപ്പെട്ട് കൃത്യമായ രേഖപ്പെടുത്തലുകൾ വിതരണ രജിസ്റ്ററിൽ വരുത്തി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

11. ആവശ്യമായ സാങ്കേതിക നിർദേശങ്ങൾക്കായി സ്കൂളുകൾ കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്റർമാരെ ബന്ധപ്പെടേണ്ടതാണ്.

12. കോവിഡ് 19 മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചുകൊണ്ടായിരിക്കണം എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടത്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

1. ഹൈടെക് സ്കൂൾ - ഹൈടെക് ലാബ് പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
2. കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
ഡയറക്ടർ, എസ്.എസ്.കെ.
ഡയറക്ടർ, എസ്.ഐ.ഇ.ടി.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ആർ.ഡി.ഡി./എ.ഡി./ജില്ലാ വിദ്യാഭ്യാസഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ